# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2802 | 20.07.2011 -ൽ മറുപടിയ്ക്ക് |
|---|---|

വികലാംഗ സംവരണ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | 1995 മുതൽ പ്രാബല്യത്തിൽ വന്ന വികലാംഗ സംരക്ഷണ നിയമ പ്രകാരം വികലാംഗർക്ക് കേന്ദ്ര-സംസ്ഥാന സർക്കാർ സർവ്വീസുകളിലെ നിയമനങ്ങളിൽ 3% സംവരണം ഉറപ്പുനൽകുന്നുണ്ടോ; | എ) | കേന്ദ്ര സംസ്ഥാന സർക്കാർ സർവ്വീസുകളിൽ വികലാംഗർക്കായി തെരഞ്ഞെടുക്കപ്പെട്ട തസ്തികകളിൽ 3% സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. |
| ബി) | എങ്കിൽ 1995 മുതൽ നിയമനം പി.എസ്.സി. യ്ക്ക് വിട്ട 2004 വരെയുള്ള കാലയളവിൽ എത്രപേർ ഈ ക്വാട്ടയിൽ നിയമനം നേടിയിട്ടുണ്ട് എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | ബി) | പരിശോധിച്ചിട്ടുണ്ട്. 1995 മുതൽ വികലാംഗ സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നെങ്കിലും സർക്കാർ സർവ്വീസുകളിൽ വികലാംഗർക്ക് 3% സംവരണം ക്ലാസ് 3, 4 തസ്തികകളിൽ 14.07.1998 ലെ സർക്കാർ ഉത്തരവ് നം20/98/ P&ARD പ്രകാരമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ടി കാലയളവിൽ (1998 മുതൽ 2003 വരെ) 3% വികലാംഗ നിയമനങ്ങൾ അതാത് ജില്ലാ കളക്ടറാണ് നിർവ്വഹിച്ചു വന്നിരുന്നത്. ലഭ്യമായ കണക്കുകൾ പ്രകാരം 1800 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ഇതിന് പുറമേ വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം വിവിധ കാലയളവിൽ താല്ക്കാലികമായി ജോലി നോക്കിയിരുന്ന ധാരാളം വികലാംഗരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി | വികലാംഗർക്കുള്ള 3% സംവരണ നിയമനങ്ങളിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ അത് നികത്താനായി 1995 മുതൽ 2003 ഡിസംബർ 31 വരെയുള്ള കാലയളവിൽ സർക്കാർ സർവ്വീസിൽ താൽക്കാലികമായി ജോലി ചെയ്ത വികലാംഗരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | സി | 01.01.1997 മുതൽ P&ARD, സാമൂഹ്യക്ഷേമ വകുപ്പ് എന്നീ വകുപ്പുകളിലായി വികലാംഗരെ സ്ഥിരപ്പെടുത്തിയത് താഴെ പറയുന്ന സർക്കാർ ഉത്തരവുകൾ പ്രകാരമാണ്.<br>01.01.97 നും 31.12.97 നും മദ്ധ്യേ:<br>28.09.98 -ലെ സ.ഉ(പി)32/98/P&ARD<br>01.01.98 നും 14.08.98 നും മദ്ധ്യേ:<br>13.10.99 -ലെ സ.ഉ(പി)18/99/P&ARD<br>15.08.98 നും 15.08.99 നും മദ്ധ്യേ:<br>1)05.03.05 -ലെ സ.ഉ(പി)33/05/സാക്ഷേവ<br>2) 30.11.07 ലെ സ.ഉ.(പി)85/07/സാക്ഷേവ<br>30.11.07 ലെ സ.ഉ.(പി)85/07/സാക്ഷേവ പ്രകാരം 15-8-99-നു ശേഷം താൽക്കാലിക നിയമനം ലഭിച്ച വികലാംഗരെ ഇനിമേൽ ഇപ്രകാരം സ്ഥിരപ്പെടുത്തുകയോ ഇതിനായുള്ള അപേക്ഷകൾ പരിഗണിക്കുകയോ ചെയ്യുന്നതല്ല എന്നും ഉത്തരവായിട്ടുള്ളതാണ്. ആയതിനാൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |
| ഡി | അല്ലെങ്കിൽ ഇപ്പോൾ നിയമനം നടത്തി വരുന്ന പി.എസ്.സി. വഴി ഇവരുടെ സംവരണ കുറവ് നികത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | ഡി | 24.01.11 -ലെ സ.ഉ.(പി)7/11/സാക്ഷേവ സർക്കാർ ഉത്തരവ് പ്രകാരം വിവിധ സർക്കാർ വകുപ്പുകളിൽ ബാക്ക്‌ലോഗ് ഒഴിവുകളായി ക്ലാസ് 2 വിഭാഗത്തിൽ 128 ഉം ക്ലാസ് 3 വിഭാഗത്തിൽ 784 ഉം ക്ലാസ് 4 വിഭാഗത്തിൽ 250 ഉം സംസ്ഥാന തലത്തിൽ 44 ഉം തസ്തികകൾ വികലാംഗർക്കായി സംവരണം ചെയ്യുകയും സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന പ്രസ്തുത ഒഴിവുകൾ നികത്തുവാനുള്ള നടപടികൾ കൈക്കൊള്ളുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |

Mary Melani Reh

സെക്ഷൻ ഓഫീസർ